# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2321 — 19/07/2016 -ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ തെങ്ങുകൃഷി സംരക്ഷണത്തിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുള്ള | | ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കേരകർഷകരുള്ള ജില്ലയാണ് കോഴിക്കോടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ടെന്നും ഇതിൽ നിന്ന് പ്രതിവർഷം എത്ര തേങ്ങ ഉൽപാദിപ്പിക്കുന്നുണ്ടെന്നും വിശദമാക്കാമോ; | ബി) | നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം ജില്ലയിൽ 123066 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയുണ്ട്. 2014-15-ലെ നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം ടി സ്ഥലത്തു നിന്ന് 10010 ലക്ഷം തേങ്ങ ഉല്പാദിപ്പിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം 2010-11 മുതൽ 2014-15 വരെ കോഴിക്കോട് ജില്ലയിലെ നാളികേര കൃഷിയുടെ വിസ്തൃതിയും, ഉല്പാദനവും താഴെപ്പറയും പ്രകാരമാണ്. |

| ക്രമ നം | വർഷം | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (ലക്ഷം തേങ്ങ) |
|---|---|---|---|
| 1 | 2010-11 | 121688 | 7700 |
| 2 | 2011-12 | 127699 | 8520 |
| 3 | 2012-13 | 124819 | 8820 |
| 4 | 2013-14 | 123115 | 9480 |
| 5 | 2014-15 | 123066 | 10010 |

(സി) നാളികേര മേഖലയെ ആശ്രയിക്കുന്ന ഏഴ്ര ലക്ഷത്തോളം കർഷകരും തൊഴിലാളികളും ജില്ലയിലുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നാളികേര മേഖലയെ ആശ്രയിക്കുന്ന വലിയ ഒരു വിഭാഗം കർഷകരും, തൊഴിലാളികളും കോഴിക്കോട് ജില്ലയിലുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലയിൽ നാളികേരകൃഷി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ?

(ഡി) കൃഷി വകുപ്പ് കാലാകാലങ്ങളിൽ കോഴിക്കോട് ജില്ലയിൽ വിവിധ നാളികേര വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 2014-15 വർഷത്തിൽ ആരംഭിച്ച് 2016-17 ലും തുടരുന്ന കേര ഗ്രാമം പദ്ധതി കോഴിക്കോട് ജില്ലയിലും നടപ്പിലാക്കി വരുന്നു. കൂടാതെ 2016-17 വർഷം കേര ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് 3 കേര ഗ്രാമങ്ങൾ തിരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയും ആണ്. പദ്ധതി പ്രകാരം സംയോജിത കേര കൃഷി അവലംബിക്കുന്നതിനും ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഹെക്ടറിന് 25,000/- രൂപ വീതവും തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 2000/- രൂപ വീതവും കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിന് യൂണിറ്റൊന്നിന് 10,000/- രൂപ വീതവും തെങ്ങിൻ തൈ നഴ്സറി നിർമ്മാണത്തിന് 50,000/- രൂപയും കേര അപക്സ് സൊസൈറ്റിക്ക് 10 ലക്ഷം രൂപയും കൃഷി ഭവന്റെ പ്രവർത്തന ഫണ്ടായി 10,000/- രൂപയും ഉൾപ്പെടെ ഒരു കേര ഗ്രാമത്തിന് 149.2 ലക്ഷം രൂപ എന്ന നിരക്കിൽ 447.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ കോഴിക്കോട് ജില്ലയിൽ നാളികേര കൃഷി സംരക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും വടകര കേന്ദ്രമാക്കി ഗുണമേന്മയുള്ള വിത്ത് തേങ്ങ സംഭരണം നടത്തി വിവിധ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യാനും, തിക്കോടിയിലുള്ള കോക്കനട്ട് നഴ്സറി വഴി വിവിധ ഇനം (നെടിയ ഇനം, സങ്കര ഇനം, കുറിയ ഇനം) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**